LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ എക്സൈസ് ഗാർഡുകളുടെ ഒഴിവുകൾ

38 [1510] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എക്സൈസ് ഗാർഡുകളുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം പ്രകാരം നിശ്ചിത കാറ്റഗറിയിലും കൂടുതൽ പേരെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം എക്സൈസ് വിജിലൻസ് ഓഫീസിലെ ഗാർഡുമാരുടെ ഒഴിവിൽ തിരുവനന്തപുരം ജില്ലാ ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ 23 (ഇരുപത്തിമൂന്ന്) എക്സൈസ് ഗാർഡുമാരുടെ ഒഴിവ് ഉണ്ട്.

(ബി) ഇവയിൽ 10 ഒഴിവുകൾ എക്സൈസ് ഗാർഡുമാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി (എസ്.സി./എസ്.റ്റി) റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള 13 ഒഴിവുകൾ സ്ഥിരം ഒഴിവുകളല്ല. അവ എക്സൈസ് ഗാർഡുമാരെ താൽക്കാലികമായി പ്രിവന്റീവ് ഓഫീസർമാരായി പ്രമോഷൻ നൽകി നിയമിച്ചതുമൂലമുണ്ടായതാണ്. പ്രിവന്റീവ് ഓഫീസർമാരുടെ ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ അവർക്കായി നീക്കി വച്ചിട്ടുള്ള ഒഴിവിൽ നിയമിച്ചവരെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് റിവർട്ട് ചെയ്യുന്നതും ഒഴിവുകൾ നികത്തുന്നതുമാണ്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) എക്സൈസ് വിജിലൻസ് ഓഫീസ് തിരുവനന്തപുരം എക്സൈസ് ഡിവിഷനു കീഴിൽ വരുന്ന ആഫീസല്ല.

കണ്ണൂർ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക

39 [1511] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇനി എത്രപേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നു;